**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 480** **13-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച പദ്ധതികളും പ്രോജക്ടുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . ഉമ്മർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളും പ്രോജക്ടുകളുമാണ് അംഗീകാരത്തിനും സാമ്പത്തിക സഹായത്തിനുമായി സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനം സമർപ്പിച്ചിട്ടുള്ള (അനുബന്ധമായി ചേർത്തിട്ടുള്ള) പദ്ധതികളിന്മേൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ (GST) ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇവയിൽ ഏതെല്ലാം അനുവദിക്കുകയും ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനം സമർപ്പിച്ചിട്ടുള്ള (അനുബന്ധമായി ചേർത്തിട്ടുള്ള) പദ്ധതികളിന്മേൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ (GST) ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഈ കാലഘട്ടത്തിൽ ഓരോ തവണയും ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുൻപായി ബഡ്ജറ്റ് അലോട്ട്മെന്റ് ലഭിക്കുന്നതിനായി എത്ര പദ്ധതികളും പ്രോജക്ടുകളും കേന്ദ്രത്തിനു നൽകിയിട്ടുണ്ട്; ഇവയിൽ അലോട്ട്മെന്റ് ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണ്? | (സി) | കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനം സമർപ്പിച്ചിട്ടുള്ള (അനുബന്ധമായി ചേർത്തിട്ടുള്ള) പദ്ധതികളിന്മേൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ (GST) ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 2019 ജൂൺ

### (2019-20 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )

1. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിദേശ സഹായ വായ്പകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയ്ക്ക് പുറത്ത് പരിഗണിക്കുക. കടമെടുപ്പ് പരിധി GSDP യുടെ 3.5 ശതമാനമായി നിശ്ചയിക്കുക.
2. സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
3. സംസ്ഥാനത്ത് AIMS സ്ഥാപിക്കുക.
4. കോയമ്പത്തൂർ വഴി ചെന്നൈ - ബാംഗ്ലൂരിൽ നിന്ന് കൊച്ചിയിലേയ്ക്ക് വ്യവസായിക ഇടനാഴി വികസിക്കുക.
5. കിലോയ്ക്ക് 50 രൂപ നിരക്കിൽ കേന്ദ്ര സഹായത്തോടെ റബ്ബറിന്റെ നിലവിലെ താങ്ങുവിലയായ 150 രൂപ 200 രൂപയായി വർദ്ധിപ്പിക്കുക.
6. Kerala Rural Development Corporation ന് മതിയായ തുക കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
7. വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുക.
8. Malabar Cancer Centre നെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogyanidhi Programme -ൽ ഉൾപ്പെടുത്തുക.
9. കോഴിക്കോട് Bio Safety Level 3 Lab സ്ഥാപിക്കുന്നതിനായി 5.5 കോടി രൂപ കേന്ദ്ര ബജറ്റിൽ നീക്കിവയ്ക്കുക.

## 2019 ഡിസംബർ

### (2020-21 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )

1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും GST കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്നു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും GST യ്ക്കു മേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.
2. Multilateral Agency കളിൽ നിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.
3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകി വരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 cq] കേന്ദ്ര സഹായമായി 50 രൂപയോടു കൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബജറ്റിൽ അനുവദിക്കുക.
4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.

5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള 531 കി.മീ ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലുമൊന്നിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.
6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS നു തുല്യമായൊരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.
7. മലബാർ മേഖലയിലെ നിർധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogya Nidhi Programme ൽ ഉൾപ്പെടുത്തുക.
8. Cochin Shipyard, FACT, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക. ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കാതിരിക്കുക.